(എ) ജനകീയാസൂത്രണത്തിൽ വിവര സാങ്കേതിക വിദ്യയ്ക്കുള്ള പങ്ക് എന്തെന്ന് വിശദമാക്കുമോ;

(ബി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി സോഫ്റ്റ്വെയർ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ജനകീയാസൂത്രണത്തിന്റെ ഫലമായി എന്തെല്ലാം സോഫ്റ്റ് വെയർ വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി-പദ്ധതിയിതരവരുമാനം, പദ്ധതി-പദ്ധതിയിതര ചെലവ്, മറ്റ് പ്രധാനപ്പെട്ട വിവരങ്ങൾ ശേഖരണം, വിവരങ്ങൾ ക്രോഡീകരിക്കൽ തുടങ്ങിയവയാണ് വിവര സാങ്കേതികവിദ്യയിലൂടെ ഇപ്പോൾ ചെയ്തുവരുന്നത്.

(ബി) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം

68 (1429) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി അനുസരിച്ച് തുക അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഉണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ;

(സി) വനപ്രദേശങ്ങൾ ഉൾപ്പെടുന്ന മലയോര പഞ്ചായത്തുകൾക്ക് വികസനത്തിന് കൂടുതൽ സംഖ്യ ചെലവ് വരുമെന്നത് പരിഗണിച്ച് ഇത്തരം പഞ്ചായത്തുകൾക്ക് കൂടുതൽ തുക കിട്ടത്തക്കവണ്ണം മാനദണ്ഡം പുതുക്കി നിശ്ചയിക്കുമോ;

(ഡി) സംസ്ഥാനത്തെ ആളോഹരി വരുമാനത്തേക്കാൾ കുറഞ്ഞ ആളോഹരി വരുമാനമുള്ള ജില്ലകളിലെ പഞ്ചായത്തുകൾക്ക് കൂടുതൽ തുക ലഭ്യമാകുംവിധം മാനദണ്ഡം നിശ്ചയിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ വിസ്തീർണ്ണം, നെൽകൃഷിയുടെ വിസ്തീർണ്ണം, പഞ്ചായത്തിന്റെ തനതു വരുമാനം, കർഷകത്തൊഴിലാളി/മത്സ്യത്തൊഴിലാളി കന്നുകാലി വളർത്തൽ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകികൊണ്ടാണ് പഞ്ചായത്തുകൾക്ക് പദ്ധതി തുക വകയിരുത്തുന്നത്.

(സി)&(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly